# ആത്മസ്നാനം

## (ഒരു വിഹഗവീക്ഷണം)



## ആമുഖം

കർത്താവായ യേശുക്രിസ്തു തന്റെ സഭയെക്കുറിച്ചുള്ള നിർണ്ണയം ഇങ്ങനെ പ്രസ്താവിച്ചു: "ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല" ഇതിന്റെ നിവൃത്തിയാണ് പെന്തെക്കൊസ്തിലെ ആത്മസ്നാനം. യേശുവിന്റെ കന്യകാജനനം, നിമജ്ജനസ്നാനം, പരസ്യശുശ്രൂഷ, കഷ്ടാനുഭവം, ക്രൂശുമരണം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം തുടങ്ങിയവയൊക്കെ ചരിത്രത്തിൽ ഒരിക്കലായി നിറവേറിയതും, വീണ്ടും ആവർത്തിക്കപ്പെടാവുന്നതും അല്ല. അതുപോലെ തന്നെയാണ് സഭാസ്ഥാപനവും. ആത്മസ്നാനത്താൽ ക്രിസ്തുയേശു എന്ന മൂലക്കല്ലും അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നതും, ദൈവത്തിന്റെ നിവാസമാകേണ്ടതിന് ആത്മദാനത്താൽ വീണ്ടുംജനനം നൽകി വിശ്വാസികളാകുന്ന കല്ലുകളെ ചേർത്ത് പണിയപ്പെടുന്നതുമായ വിശുദ്ധമന്ദിരമാണ് ദൈവസഭ. ആത്മസ്നാനം കൂടാതെ ആത്മദാനം നടക്കുകയോ, ആത്മാധിവാസം സംഭവിക്കുകയോ, ആത്മാഭിഷേകമോ, ആത്മമുദ്രയോ, ആത്മാച്ചാരമോ ലഭിക്കുകയോ ചെയ്യുകയില്ല. ഇതൊക്കെ വ്യക്തിയുടെ വീണ്ടുംജനനസമയത്ത് ദൈവം ദാനമായി നൽകുന്നതാണ്. ആത്മനിറവാകട്ടെ ദൈവകൃപയിലാശ്രയിച്ച് വിശ്വാസി ആർജ്ജിച്ചെടുക്കേണ്ടതും. ആത്മസ്മാനത്തെക്കുറിച്ച് കൂടുതലറിയാൻ ഈ പുസ്തകം സഹായിക്കാട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്;

ക്രിസ്തേശുവിന്റെ ബദ്ധൻ

# ആത്മസ്നാനം ഒരു വിഹഗവീക്ഷണം

ആത്മസ്നാനത്തെക്കുറിച്ച് സമഗ്രമായി ചിന്തിക്കുമ്പോൾ, ഇന്നത്തെ സാഹചര്യത്തിൽ നാല് ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തേണ്ടത് ആവശ്യമാണ്. ഒന്ന്; ആത്മസ്നാനത്തിനായി കാത്തിരിക്കണമോ? രണ്ട്; ആത്മസ്നാനം ആവർത്തിക്കുമോ? മൂന്ന്; ആത്മസ്നാനത്തിന് അടയാളമുണ്ടോ? നാല്; പെന്തെക്കൊസ്തിൽ എല്ലാവരും അന്യഭാഷയിൽ സംസാരിച്ചുവോ? ദൈവവചനം പറയുന്നു; 'ജഡത്താൽ ജനിച്ചതു ജഡം ആകുന്നു; ആത്മാവിനാൽ ജനിച്ചതു ആത്മാവു ആകുന്നു.' (യോഹ, 3:6). 'പരിശുദ്ധാത്മാവിൽ അല്ലാതെ യേശു കർത്താവു എന്നു പറവാൻ ആർക്കും കഴികയുമില്ല എന്നു ഞാൻ നിങ്ങളെ ഗ്രഹിപ്പിക്കുന്നു.' (1കൊരി, 12:3). "യെഹൂദന്മാരോ യവനന്മാരോ ദാസന്മാരോ സ്വതന്ത്രരോ നാം എല്ലാവരും ഏകശരീരമാകുമാറു ഒരേ ആത്മാവിൽ സ്നാനം ഏറ്റും എല്ലാവരും ഒരേ ആത്മാവിനെ പാനംചെയ്തുമിരിക്കുന്നു." (1കൊരി, 12:13). ഈ വാക്യങ്ങളെല്ലാം ചേർത്തു ചിന്തിക്കുമ്പോൾ, പരിശുദ്ധാത്മാവ് വ്യക്തിയിൽ ഒരു രണ്ടാമനുഭവമല്ലെന്നും, പരിശുദ്ധാത്മസ്നാനത്താലും ആത്മദാനത്താലുമാണ് വ്യക്തി വീണ്ടും ജനിക്കുന്നതെന്നും വ്യക്തമാകും. അങ്ങനെ വരുമ്പോൾ മുകളിൽ ഉന്നയിച്ച ചോദ്യങ്ങൾ അപ്രസക്തമാകും. എന്നിരുന്നാലും സത്യവിശ്വാസികളുടെ ഇടയിൽ പോലും വലിയ ആശയക്കുഴപ്പങ്ങൾ നിലനില്ക്കുന്ന ഇന്നത്തെ സാഹചര്യത്തിൽ ഏതൊരു ചോദ്യത്തിനും ഉത്തരം കണ്ടെത്തേണ്ടത് ദൈവമക്കളുടെ ആവശ്യമാണ്. ആരുടേയും പഠിപ്പിക്കലുകളും ഉപദേശങ്ങളും വിലയിരുത്താതെ, നിഷ്പക്ഷമായി ദൈവവചനത്തിൽ നി

ന്ന് ഉത്തരം കണ്ടെത്തുവാനാണ് നാം ശ്രമിക്കുന്നത്. മാനുഷീക വ്യാഖ്യാനങ്ങളെ പാടെ അവഗണിച്ചുകൊണ്ട് ദൈവവചനത്തിനു മാത്രം പ്രാമുഖ്യം കൊടുത്തുകൊണ്ട് നമുക്കൊരുമിച്ച് ഈ വിഷയത്തെപ്പറ്റി ചിന്തിക്കാം.

## ദൈവസഭാസ്ഥാപനം

യേശു ഫിലിപ്പിന്റെ കൈസര്യയുടെ പ്രദേശത്തുവെച്ച് ഇ പ്രകാരം അരുളിച്ചെയ്തു; "ഞാൻ എന്റെ സഭയെ പണിയും; പാതാളഗോപുരങ്ങൾ അതിനെ ജയിക്കയില്ല." (മത്താ, 16: 18). ഇതിന്റെ നിവർത്തിയാണ് പെന്തെക്കൊസ്തിലെ ആത്മസ്നാനം. യേശുക്രിസ്തു സ്വർഗ്ഗാരോഹണം ചെയ്യുന്നത് എ. ഡി. 33, (AUC 786, Hebrew Year 3793) മെയ് 14 (ഇയ്യാർ, 27) വ്യാഴാഴ്ചയാണ്. പത്തു ദിവസം കഴിഞ്ഞ് എ.ഡി. 33, മെയ്, 24, (സീവാൻ, 6) ഞായറാഴ്ച രാവിലെ 9 മണിക്കാണ് പരിശുദ്ധാത്മാവ് അവരോഹണം ചെയ്യുന്നതും ക്രൈസ്തവ സഭ സ്ഥാപിതമാകുന്നതും. ഒന്നാം നൂറ്റാണ്ടിൽ യെരുശലേമിലെ മാളികമുറിയിവെച്ച് പെന്തെക്കൊസ്തു പെരുന്നാളിൽ നൂറ്റിയിരുപതു പേരുമായി ആരംഭിച്ച ഒരു സഭയെക്കുറിച്ച് പലരും പറഞ്ഞ് കേൾക്കാറുണ്ട്. പക്ഷെ അങ്ങനെയൊരു സഭ ബൈബിളിൽ കാണാനില്ല. യേശുക്രിസ്തുവിന്റെ സ്വർഗ്ഗാരോഹാണാനന്തരം ശിഷ്യന്മാർ വാങ്ങിപ്പോയി പാർത്ത സ്ഥലമാണ് മാളികമുറി. "അവർ യെരൂശലേമിന്നു സമീപത്തു ഒരു ശബ്ബത്ത് ദിവസത്തെ വഴി ദൂരമുള്ള ഒലിവ് മലവിട്ടു യെരൂശലേമിലേക്കു മടങ്ങിപ്പോന്നു. അവിടെ എത്തിയപ്പോൾ അവർ പാർത്ത മാളികമുറിയിൽ കയറിപ്പോയി", (അപ്പൊ, 1:12, 13). പിന്നെയും പത്തുദിവസം കഴിഞ്ഞാണ് പരിശുദ്ധാത്മാവ് അവരോഹണം ചെയ്യുന്നത്. അപ്പൊ, 2:2-ൽ 'വീടു മുഴുവനും

നിറെച്ച ഒരു മുഴക്കം ഉണ്ടായി' എന്നു പറഞ്ഞിരിക്കുന്ന തിനാൽ അത് മാളികമുറിയാണെന്ന് വിചാരിക്കണ്ട. ഇംഗ്ലീഷിൽ House എന്നു തർജ്ജമ ചെയ്തിരിക്കുന്നത് 'ഒയികിയ' (oikia) 'ഒയികൊസ്' (oikos) എന്ന രണ്ടു ഗ്രീക്കു പദങ്ങളെയാണ്. അതിൽ ഇവിടെ ഉപയോഗിച്ചിരിക്കുന്ന പദം ഒയികൊസാണ്. ഒയികിയ എന്ന പദത്തിനാണ് വീടെന്ന ഖണ്ഡിതമായ അർത്ഥമുള്ളത്. ഒയികൊസിനെ യിസ്രായേൽ ഗൃഹം (മത്താ, 10:6), രാജഗൃഹം (മത്താ, 11:8), ദൈവാലയം (മത്താ, 12:4), മനുഷ്യഹൃദയം (മത്താ, 12:44), യെരുശലേം (മത്താ, 23:38), ദാവീദു ഗൃഹം (ലൂക്കൊ, 1:27), യാക്കോബു ഗൃഹം (ലൂക്കൊ, 1:33), ദൈവഭവനം (എബ്രാ, 3:2), യെഹൂദാ ഗൃഹം (എബ്രാ, 8:8), ആത്മീക ഗൃഹം (1പത്രൊ, 2:5), ദൈവഗൃഹം (1പത്രൊ, 4:17) എന്നിദ്യാതി അർത്ഥങ്ങളിലും നാല്പതിലേറെ പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട്. അവർ ഒരു വീട്ടിലോ മാളികമുറിയിലോ ആണ് ഇരുന്നിരുന്നതെങ്കിൽ മുഴക്കംകേട്ട് മൂവായിരത്തിലധികം യെഹൂദന്മാർ എങ്ങനെ വന്നുകൂടും. "അന്നു ആകാശത്തിൻ കീഴുള്ള സകല ജാതികളിൽ നിന്നും യെരൂശലേമിൽ വന്നു പാർക്കുന്ന യെഹൂദന്മാരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടായിരുന്നു. ഈ മുഴക്കം ഉണ്ടായപ്പോൾ പുരുഷാരം വന്നുകൂടി, ഓരോരുത്തൻ താന്താന്റെ ഭാഷയിൽ അവർ സംസാരിക്കുന്നതു കേട്ടു അമ്പരന്നു പോയി." (അപ്പൊ, 2: 5,6). ജനം വന്നുകൂടിയപ്പോൾ പത്രൊസ് പതിനൊന്നു പേരോടുകൂടി ഇറങ്ങിച്ചെന്നു സംസാരിച്ചു എന്നല്ല, നിന്നുകൊണ്ട് സംസാരിച്ചു എന്നാണ് എഴുതിയിരിക്കുന്നത്. (അപ്പൊ, 2:14). ഗ്രീക്കിൽ മാളികമുറിയെ കുറിക്കാൻ 'എനൊജിയൻ' anogeon (മർക്കൊ, 14:15, ലൂക്കൊ, 22:12), 'ഹൈപ്പറൊയിയൻ' hyperoion (അപ്പൊ, 1:13,

9:37, 9:39, 20:8) എന്നിങ്ങനെ രണ്ടു പദങ്ങൾ ആറു പ്രാവശ്യം മാത്രമാണുള്ളത്. തന്മൂലം മാളികമുറിയില ല്ലെന്ന് സ്പഷ്ടം. ഒരു വീടാകാനും തീരെ സാധ്യതയില്ല. തന്മൂലം അവർ ഇരുന്നിരുന്നത് യെ രുശലേം ദൈവാല യത്തിന്റെ കിഴക്കുഭാഗത്തുള്ള ശലോമോന്റെ മണ്ഡപ ത്തിലായിരുന്നുവെന്ന് നിസംശയം മനസ്സിലാക്കാം. ഇത്ര യും ജനത്തിനു വന്നുകൂടുവാനും പത്രൊസിന്റെ പ്രസം ഗം കേൾക്കുവാനും ഒരു വീടോ മാളികമുറിയോ അപ ര്യാപ്തമാണ്. മാത്രമല്ല അപ്പൊസ്തലന്മാരുടെ ആദ്യ കാല ശുശ്രൂഷകൾ എല്ലാം ശലോമോന്റെ മണ്ഡപത്തി ൽ ആയിരുന്നു എന്നുള്ളതും ശ്രദ്ധേയമാണ്. (ആപ്പൊ, 3:11, 5:12). പിന്നെ നൂറ്റിയിരുപതു പേരുടെ കാര്യം. യൂദ ഒഴിഞ്ഞുപോയ സ്ഥാനത്തേക്ക് മത്ഥിയാസിനെ തിരെ ഞ്ഞെടുക്കുമ്പോഴാണ് നൂറ്റിയിരുപതു പേരുണ്ടായിരുന്ന ത്. (അപ്പൊ, 1:15-26). മാത്രമല്ല പത്രൊസ് നൂറ്റിപ്പ ത്തൊൻപതു പേരോടുകൂടി നിന്നു കൊണ്ടു സംസാരി ച്ചു എന്നല്ല എഴുതിയിരിക്കുന്നത്; പതിനൊന്നു പേരോ ടുകൂടി നിന്നുകൊണ്ടു സംസാരിച്ചു എന്നാണ്. (അപ്പൊ, 2:14). "ക്രിസ്തുയേശു തന്നേ മൂലക്കല്ലായിരിക്കെ നി ങ്ങളെ അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അ ടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു." (എഫെ, 2: 20). "ഞാൻ ന്യായപ്രമാണത്തെയൊ പ്രവാചകന്മാരെയോ നീക്കേണ്ടതിന്നു വന്നു എന്നു നിരൂപിക്കരുതു; നീക്കു വാനല്ല നിവർത്തിപ്പാനത്രെ ഞാൻ വന്നതു." (മത്താ, 5: 17, ലൂക്കൊ, 24:25-27, യോഹ, 1:45, 5:39, പ്രവൃ, 3: 18, 10:43). യേശു മൂലക്കല്ലും താൻ തിരഞ്ഞെടുത്ത അ പ്പൊസ്തലന്മാരും തനിക്കു വരേണ്ടിയ കഷ്ടങ്ങളെയും പിൻവരുന്ന മഹിമയെയും കുറിച്ച് പ്രവചിച്ച പ്രവാചക ന്മാരും (1പത്രൊ, 1:10-12) ആണ് ക്രൈസ്തവസഭയു

ടെ അടിസ്ഥാനം. കൂടാതെ പരിശുദ്ധാത്മാവിന്റെ ആഗമനം യേശു ശിഷ്യന്മാരോട് മാത്രമാണ് പറഞ്ഞിരിക്കുന്നത്. (യോഹ, 14:16, 14:26, 15:26, 16: 7,8, അപ്പൊ, 1: 8). പരിശുദ്ധാത്മാവിന്റെ ആഗമനംവരെ അവർപോലും അത് വിശ്വസിച്ചിരുന്നില്ല. അതിനു തെളിവാണ് അവർ തങ്ങളുടെ പഴയ തൊഴിലിലേക്ക് മടങ്ങിപ്പോയത്. (യോഹ, 21:2,3, യോഹ, 20:22). പിന്നെങ്ങനെ നൂറ്റിയെട്ടു പേരെക്കൂടി കൂടെ വിളിച്ചിരുത്തും. അപ്പൊസ്തലന്മാർ തങ്ങളുടെ കൂടെ പരിശുദ്ധാത്മാവിന്റെ ആഗമനത്തിനു സാക്ഷിയാകുവാൻ തിരഞ്ഞെടുത്ത ഒരേയൊരു ശിഷ്യൻ മത്ഥിയാസാണ്. (പ്രവൃ, 1: 22,25). കൃത്യമായി പറഞ്ഞാൽ, എ.ഡി. 33 മെയ് 24 ഞായറാഴ്ച രാവിലെ ഒൻപത് മണിക്ക് യെരുശലേം ദൈവാലയത്തിനു കിഴക്കു ഭാഗത്തുണ്ടായിരുന്ന ശലോമോന്റെ മണ്ഡപത്തിൽ വെച്ച്, യേശുക്രിസ്തുവും അപ്പൊസ്തലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിലാണ് ദൈവസഭ സ്ഥാപിതമായത്.

## ആത്മസ്നാനത്തിനായി കാത്തിരിക്കണമോ?

നമ്മുടെ കർത്താവായ യേശുക്രിസ്തു അപ്പൊസ്തലന്മാരോട് 'പിതാവിന്റെ വാഗ്ദത്തത്തിനായി കാത്തിരിക്കണം' (അ,പ്ര, 1:4) എന്നു പറഞ്ഞതിന്റെ വെളിച്ചത്തിലാണ് ഇങ്ങനെയൊരു ചിന്ത ഉടലെടുത്തത്. 'വിശുദ്ധഗ്രന്ഥത്തിൽ' നിന്ന് ഈ വാക്യം ചേർക്കുന്നു. 'അവര്, യെറുശലേമിൽ നിന്നും വിട്ടു പോകരുത് എന്നും എന്നിൽ നിന്നും നിങ്ങൾ കേട്ടിട്ടുള്ള പിതാവിന്റെ വാഗ്ദാനത്തിനായി (അവിടെ) വസിക്കണമെന്നും താൻ അവരോട് കല്പിച്ചു.' (പ്രക്സീസ് 1:4). കൂടാതെ അപ്പൊസ്തല പ്രവൃത്തികൾ എഴുതിയ ലൂക്കൊസിന്റെ തന്നെ സുവിശേ

ഷത്തിൽ 'ഉയരത്തിൽ നിന്ന് ശക്തി ധരിക്കുവോളം നഗരത്തിൽ പാർപ്പിൻ' (24:49) എന്നുമാണ്. ഇതിനോട് ക്രിസ്തുവിന്റെ വാക്കുകളും ചേർത്തു ചിന്തിച്ചാൽ കാര്യം വ്യക്തമാകും. "എന്നാൽ പരിശുദ്ധാത്മാവു നിങ്ങളുടെ മേൽ വരുമ്പോൾ നിങ്ങൾ ശക്തി ലഭിച്ചിട്ടു യെരൂശലേമിലും യെഹൂദ്യയിൽ എല്ലാടത്തും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എന്റെ സാക്ഷികൾ ആകും." (പ്രവൃ,1:8). യേശുവിന്റെ കന്യകാജനനം, സ്നാനം, മരണം, അടക്കം, പുനരുത്ഥാനം, സ്വർഗ്ഗാരോഹണം ഇവയൊക്കെയും യെരുശലേമിലായിരുന്നു. തന്മൂലം ദൈവസഭയുടെ സ്ഥാപനവും യെരുശലേമിൽ തന്നെയാണ് വേണ്ടത് "അവന്റെ നാമത്തിൽ മാനസാന്തരവും പാപമോചനവും യെരൂശലേമിൽ തുടങ്ങി സകലജാതികളിലും പ്രസംഗിക്കയും വേണം എന്നിങ്ങനെ എഴുതിയിരിക്കുന്നു." (ലൂക്കൊ, 24:47). ഇതിൽനിന്നും ശിഷ്യന്മാരോട് കാത്തിരിക്കാനല്ല പറഞ്ഞതെന്നും, ഗലീലക്കാരായ ശിഷ്യന്മാർ (അ,പ്ര 2:7) തങ്ങളുടെ പട്ടണമായ ഗലീലയിലേക്ക് മടങ്ങിപ്പോകാതെ, തന്റെ വാഗ്ദത്തത്തിനായി യെരുശലേമിൽ തങ്ങണമെന്നാണ് കല്പിച്ചതെന്നും വ്യക്തമാകും. യേശു സ്വർഗ്ഗാരോഹണം ചെയ്യുന്നതിനു മുൻമ്പ് തന്നേ, ശിഷ്യന്മാർ ഗലീലയിൽ തങ്ങളുടെ പഴയ തൊഴിലിലേക്ക് മടങ്ങിപ്പോയവരാണ് (യോഹ, 23:2,3) എന്നുംകൂടി ചിന്തിക്കുമ്പോൾ, യെരുശലേം വിട്ടുപോകരുതെന്നാണ് യേശു അവരോടു പറഞ്ഞതെന്ന് ഏറ്റവും സ്പഷ്ടമാണ്. ഇത് ഒന്നുകൂടി ഗ്രഹിക്കാൻ സഹായകരമായ മറ്റൊരു തെളിവുകൂടിയുണ്ട്.; യിസ്രായേൽ ജനത്തിന് ദൈവം നിയമിച്ചുകൊടുത്ത ഏഴ് വാർഷീക ഉത്സവങ്ങളും ക്രിസ്തുവിന്റെ രക്ഷണ്യവേലയ്ക്ക് നിഴലുകളാണ്. നീസാൻ 14 പെസഹ, നീസാൻ 15 'പുളിപ്പി

ല്ലത്തപ്പം, 'നമ്മുടെ പെസഹാക്കുഞ്ഞാട് അറുക്കപ്പെട്ടിരിക്കുന്നു' (1കൊരി, 5:7), 'ആകയാൽ പുളിപ്പില്ലായ്മ കൊണ്ട് ഉത്സവം ആചരിപ്പിൻ' (1കൊരി, 5:8). നീസാൻ 17 ആദ്യഫലപ്പെരുന്നാൾ, 'ക്രിസ്തു നിദ്രകൊണ്ടവരിൽ ആദ്യഫലമായി ഉയിർത്തിരിക്കുന്നു.' (1കൊരി, 15:20). സീവാൻ 6 ഞായർ പെന്തെക്കൊസ്തു പെരുന്നാൾ, ആദ്യഫലക്കറ്റ നീരാജനം ചെയ്തതു തുടങ്ങി ഏഴു ശബ്ബത്ത് എണ്ണി പിറ്റേന്ന് കൊയ്ത്ത്പെരുന്നാളായ പെന്തെക്കൊസ്താണ്. ഇത് യെഹൂദന്മാരായ ശിഷ്യന്മാർക്ക് നല്ലവണ്ണമറിയാം. അതുകൊണ്ടാണ്, "പെന്തെക്കൊസ്തനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു" (അ,പ്ര, 2:1) എന്നു കാണുന്നത്. ഇവർ കാത്തിരുന്നാലും ഇല്ലെങ്കിലും പെന്തെക്കൊസ്തുനാൾ വരും, പരിശുദ്ധാത്മാവ് ആത്മാക്കളെ കൊയ്തെടുക്കുകയും ചെയ്യും. പിന്നെ കാത്തിരുന്നു എന്നു വിചാരിക്കുന്നതിൽ എന്തു പ്രസക്തിയാണ് ഉള്ളത്. മാത്രമല്ല ദൈവത്തിന്റെ ദാനം കാത്തിരിപ്പെന്ന 'പ്രവൃത്തി' കൂടാതെ ലഭിക്കുകില്ല എന്നു വന്നാൽ, പരിശുദ്ധാത്മാവിനെ ദാനമെന്നല്ല (അ,പ്ര, 2:38) 'പ്രതിഫലം' എന്നു പറയേണ്ടിവരും.

## ആത്മസ്നാനം ആവർത്തിക്കുമോ?

ആത്മസ്നാനം ആവർത്തിക്കുമോ എന്ന ചോദ്യത്തിന് ഉത്തരം തേടുന്നതിന് മുൻമ്പ്, പെന്തെക്കൊസ്തിലെ ആത്മസ്നാനം എങ്ങനെയായിരുന്നു എന്നു ചിന്തിക്കേണ്ടതുണ്ട്. പെന്തെക്കൊസ്തിലെ ആത്മസ്നാനത്തിന് ഒരു മുൻകുറിയാണ് സമവീക്ഷണ സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിരിക്കുന്ന ക്രിസ്തുവിന്റെ മേലുള്ള ആത്മസ്നാനം. "ജനം എല്ലാം സ്നാനം ഏല്ക്കുകയിൽ

യേശുവും സ്നാനം ഏറ്റു പ്രാർത്ഥിക്കുമ്പോൾ സ്വർഗ്ഗം തുറന്നു, പരിശുദ്ധാത്മാവു ദേഹരൂപത്തിൽ പ്രാവു എന്നപോലെ അവന്റെമേൽ ഇറങ്ങിവന്നു. നീ എന്റെ പ്രിയപുത്രൻ; നിന്നിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദവും ഉണ്ടായി" (ലൂക്കൊ, 3:21,22, മർക്കൊ 1:10,11, മത്താ, 3:16,17). ഇവിടെ ആത്മസ്നാനത്തിന് മൂന്ന് അടയാളങ്ങളാണ് ഉള്ളത്. സ്വർഗ്ഗം തുറന്നിരിക്കുന്നു, ദേഹരൂപത്തിൽ പ്രാവ് എന്നപോലെ പരിശുദ്ധാത്മാവ്, പിതാവിന്റെ ശബ്ദം. ഇനി പെന്തെക്കൊസ്തിലെ ആത്മസ്നാനം പരിശോധിക്കാം "പെന്തെക്കൊസ്തുനാൾ വന്നപ്പോൾ എല്ലാവരും ഒരു സ്ഥലത്തു ഒന്നിച്ചു കൂടിയിരുന്നു. "പെട്ടെന്നു കൊടിയ കാറ്റടിക്കുന്നതുപോലെ ആകാശത്തനിന്നു ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരുന്ന വീടു മുഴുവനും നിറെച്ചു. "അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു. (അ,പ്ര, 2:1-3). സുവിശേഷങ്ങളിൽ സ്വർഗ്ഗമെന്ന് പരിഭാഷപ്പെടുത്തിയിരിക്കുന്ന 'ഊറനൊസ്' എന്ന പദം തന്നെയാണ് ഇവിടെ ആകാശം എന്നു പറഞ്ഞിരിക്കുന്നത്. 1) അവിടെ സ്വർഗ്ഗമുണ്ട് <××> ഇവിടെയും സ്വർഗ്ഗമുണ്ട്. സ്വർഗ്ഗം തുറന്നിരിക്കുന്നു എന്നു പറഞ്ഞിട്ടില്ലെങ്കിലും, ക്രിസ്തു വാഗ്ദത്തം പിതാവിനോട് വാങ്ങി അയക്കുന്നത് സ്വർഗ്ഗത്തിൽ നിന്നാണ്. മാത്രമല്ല മുഴക്കം വരുന്നതും സ്വർഗ്ഗത്തിൽ നിന്നാണ്. തന്മൂലം സ്വർഗ്ഗം തുറന്നിരിക്കുകയാ ണെന്ന് വ്യക്തമാണ്. 2) അവിടെ പിതാവിന്റെ ശബ്ദം <××> ഇവിടെ മുഴക്കം. 3) അവിടെ ദേഹരൂപത്തിൽ പ്രാവ് എന്നപോലെ പരിശുദ്ധാത്മാവ് <××> ഇവിടെ അഗ്നിജ്വാലകൾപോലെ പിളർന്നിരിക്കുന്ന നാവ്. പരിശുദ്ധാത്മാവിനെ ആർ

ക്കും കാണാൻ കഴിയില്ല. ക്രിസ്തുവിന്റെമേൽ പ്രാവെന്ന പോലെ പരിശുദ്ധാത്മാവ് വന്നു. ഇവിടെ അഗ്നിജ്വാലകൾപോലെ പിളർന്ന നാവിന്റെ രൂപത്തിൽ പരിശുദ്ധാത്മാവ് വന്നു. പിളർന്ന നാവ് പരിശുദ്ധാത്മാവിനെയാണ് കുറിക്കുന്നത്. ഇതാണ് പെന്തെക്കൊസ്തിലെ ആത്മസ്നാനം. ഇത് മറ്റൊരിടത്തും ആവർത്തിച്ചതായി രേഖയില്ല. ഇത് സഭയുടെ സ്ഥാപനമാണ്; ഈ ആത്മീയ ചരിത്രപ്രക്രിയ ആവർത്തിക്കപ്പെടാവുന്നതല്ല. പത്രൊസ് ജാതികൾക്ക് സ്നാനം നല്കുകയും അവരോടൊപ്പം ഭക്ഷണം കഴിച്ചതിനെയും കുറിച്ച് യെരുശലേം സഭയിൽ വാദമുണ്ടായപ്പോൾ പത്രൊസ് അവരോടു പറഞ്ഞത്; "ഞാൻ സംസാരിച്ചു തുടങ്ങിയപ്പോഴേക്കു പരിശുദ്ധാത്മാവു "ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെ മേലും വന്നു" (പ്രവൃ, 11:15) എന്നാണ് പറയുന്നത്. എന്നിട്ട് പെന്തക്കൊസ്തിലെ ആത്മസ്നാനത്തിന്റെ വല്ല അനുഭവവും കൊർന്നല്യൊസിന്റെ ഭവനത്തിൽ ഉണ്ടായോ? സ്വർഗ്ഗം തുറക്കുകയോ, മുഴക്കം കേൾക്കുകയോ, പിളർന്ന് നാവ് അവരുടെമേൽ വരികയോ ചെയ്തില്ല. തുടർന്നു പത്രൊസ് പറയുന്നത് ശ്രദ്ധിക്കുക; "ആകയാൽ കർത്താവായ യേശുക്രിസ്തുവിൽ വിശ്വസിച്ചവരായ നമുക്കു തന്നതുപോലെ അതേ ദാനത്തെ അവർക്കും ദൈവം കൊടുത്തു എങ്കിൽ ദൈവത്തെ തടുപ്പാൻ തക്കവണ്ണം ഞാൻ ആർ? (പ്രവൃ, 11:17). യെരുശലേമിലെ ശിഷ്യന്മാരുടെ മറുപടിയും കേൾക്കുക; "അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു: അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ എന്നു പറഞ്ഞു ദൈവത്തെ മഹത്വപ്പെടുത്തി." (പ്രവൃ, 11:18). ജീവപ്രാപ്തിക്കുള്ള മാനസാന്തരം അഥവാ വീണ്ടുംജനനമാണ് ജാതികളിൽ ന

ടന്നത്. ഇതുതന്നെയാണ് യേശു പറഞ്ഞതും (യോഹ, 3: 3,6), പത്രൊസും (പ്രവൃ, 2:37-38), പൗലൊസും പറയുന്നതും. (1കൊരി, 12:3,13). എന്നാൽ ഇവിടെ ആവർത്തിക്കപ്പെട്ടത് എന്താണ്? ആത്മസ്നാനാനന്തരം ശിഷ്യന്മാരിൽ ഉണ്ടായ ആത്മനിറവിനാൽ അവർ സംസാരിച്ച അന്യഭാക്ഷയെന്ന കൃപാവരവുമാണ് ആവർത്തിച്ചത്. "എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ആത്മാവു അവർക്കു ഉച്ചരിപ്പാൻ നല്കിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി." (അ,പ്ര, 2:4, ആത്മനിറവ് ആവർത്തിച്ച വേദഭാഗങ്ങൾ: 4:31, 6:3, 6:5, 6:8, 7:55, 11:24, 13:9, 13:52. അന്യഭാഷയുടെ ആവർത്തനം: 10:45, 19:6). ഇനി രണ്ടുമുതൽ നാലുവരെ വാക്യങ്ങളിൽ പറയുന്നതാണ് ആത്മസ്നാനമെന്ന് വിചാരിക്കുക. അപ്പോൾ ഇവിടെ സ്വർഗ്ഗമുണ്ട്, മുഴക്കമുണ്ട്, പിളർന്ന നാവുണ്ട്, പരിശുദ്ധാത്മാവുണ്ട്, അന്യഭാഷയുണ്ട്. ഇതും മറ്റൊരിടത്തും ആവർത്തിക്കപ്പെട്ടിട്ടില്ല. പിന്നെ ആവർത്തിച്ചതോ ആത്മനിറവും അന്യഭാഷയും മാത്രം. ആവർത്തിക്കപ്പെട്ട ആത്മനിറവ് സുവിശേഷഘോഷണത്തിനു വേണ്ടിയായിരുന്നു. അന്യഭാഷയാകട്ടെ; പെന്തെക്കൊസ്തിലെ അന്യഭാഷയോട് തുലനം ചെയ്യാവുന്ന വിധത്തിലായിരുന്നില്ല. പെന്തെക്കൊസ്തിലെ അന്യഭാഷകൾ അവിടെ കൂടിയ അനേകം യെഹൂദന്മാർക്കും താന്താങ്ങളുടെ ഭാഷയിൽ ദൈവത്തിന്റെ വൻകാര്യങ്ങളായി മനസ്സിലായി. (അ,പ്ര, 2:8,11, ഒത്തുനോക്കുക; 1കൊരി, 14:6, 13, 14, 19, 22, 28). എന്നാൽ ആവർത്തിക്കപ്പെട്ട അന്യഭാഷകൾ ആത്മദാനത്തിന് തെളിവ് നൽകുക മാത്രമാണ് ചെയ്തത്.

## ആത്മസ്നാനത്തിന് അടയാളമുണ്ടോ?

ആത്മസ്നാനത്തിന്റെ ഏകവും പ്രത്യക്ഷവുമായ അടയാളം അന്യഭാഷയാണെന്ന് വിചാരിക്കുന്നവരുണ്ട്. അതിനുകാരണം കൊർന്നല്യോസിന്റെ ഭവനക്കാരും, എഫെസൊസിലെ ശിഷ്യന്മാരും ആത്മാവു വന്നപ്പോൾ അന്യഭാഷയിൽ സംസാരിച്ചു എന്നുള്ളതാണ്. എന്നാൽ പെന്തെക്കൊസ്തിനുശേഷം ആത്മദാനത്തിന്റെ മൂന്ന് അനുഭവങ്ങളാണ് ദൈവവചനത്തിലുള്ളത്. അത് മൂന്നും വ്യത്യസ്ഥങ്ങളാണുതാനും. ശമര്യയിൽ ഏതോ ഒരു അടയാളമാണുണ്ടായത്. കൊർന്നല്യോസിന്റെ ഭവനക്കാർ അന്യഭാഷകളിൽ സംസാരിച്ചു. എഫെസൊസിലെ ശിഷ്യന്മാർ അന്യഭാഷകളിൽ സംസാരിക്കുകയും പ്രവചിക്കുകയും ചെയ്തു. മൂന്നിടത്തും അനുഭവങ്ങൾ വിവിധങ്ങളാണെങ്കിലും പ്രത്യക്ഷമായൊരടയാളം ഉണ്ടായിട്ടുണ്ട്. ഇതിന്റെ ആവശ്യകത എന്താണെന്ന് ദൈവവചനം നമുക്കൊന്ന് പരിശോധിക്കാം. കർത്താവ് ഫിലിപ്പോസ് മുഖാന്തരം വളരെ അത്ഭുതങ്ങളും വീര്യപ്രവൃത്തികളും ചെയ്യുകയും, ശമര്യർ കർത്താവായ യേശുവിൽ വിശ്വസിച്ച് സ്നാനമേല്ക്കുകയും ചെയ്തു. (അ, പ്ര, 8:4-13). അതറിഞ്ഞ പത്രൊസും യോഹന്നാനും ശമര്യയിൽ എത്തുകയും, അവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ ആത്മാവു ലഭിക്കുകയും, പ്രത്യക്ഷമായ ഒരടയാളം ഉണ്ടാകുകയും ചെയ്തു. (അ,പ്ര, 8:14-18). ഇവിടെ രണ്ടു കാര്യങ്ങൾ ചിന്തനീയമാണ്. ഒന്ന്; ആത്മദാനത്തിന് താമസം നേരിട്ടതെന്താണ്. രണ്ട്; അടയാളത്തിന്റെ ആവശ്യമെന്തായിരുന്നു. ഒന്ന്; മത്തായിയുടെ സുവിശേഷത്തിൽ പത്രോസ് ക്രിസ്തുവിനെ ഏറ്റുപറയുമ്പോൾ, 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ' എന്ന വിശേഷാധികാരം ക്രിസ്തു പത്രൊസിനു കൈമാറുന്നുണ്ട്. (16:14-19). സ്വർഗ്ഗത്തിലും ഭൂമിയിലും കെട്ടുവാനും അഴിക്കുവാനു

മുള്ള അധികാരം എല്ലാ ശിഷ്യന്മാർക്കും യേശു നൽകുന്നുണ്ട്. (മത്താ, 18:18). പക്ഷെ സ്വർഗ്ഗരാജ്യത്തിലേക്ക് (സഭ) പ്രവേശനം നൽകുന്നതിനുള്ള അധികാരം പത്രൊസിനു മാത്രമാണ് നൽകുന്നത്. ഭൂമിയിൽ യെഹൂദനെ കൂടാതെ രണ്ടു വിഭാഗങ്ങൾ കൂടി മാത്രമേയുള്ളൂ. ഒന്ന് ശമര്യരും, മറ്റൊന്ന് ജാതികളും. ശമര്യരോട് സുവിശേഷമറിയിച്ച ഫിലിപ്പോസിന് സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശനം നൽകുന്നതിനുള്ള അധികാരം ഇല്ലായിരുന്നു. ആ അധികാരം പത്രൊസിൽ മാത്രം നിഷിപ്തമായിരുന്നു. ഫിലിപ്പോസ് പരിശുദ്ധാത്മാവ് നിറഞ്ഞവനും യേശുവിന്റെ നാമത്തിൽ അത്ഭുതങ്ങളും അടയാളങ്ങളും പ്രവർത്തിച്ചവനുമാണ്. എന്നിട്ടും ഫിലിപ്പോസ് സുവിശേഷമറിയിക്കുകയും സ്നാനപ്പെടുത്തുകയും ചെയ്തിട്ടും പരിശുദ്ധാത്മാവ് വന്നില്ല. എന്നാൽ പത്രൊസ് കൊർന്നല്യോസിന്റെ ഭവനത്തിൽ സുവിശേഷം അറിയിച്ചപ്പോൾ തന്നേ പരിശുദ്ധാത്മാവ് വരുകയും ചെയ്തും. ഇവിടെ ഫിലിപ്പോസിനേക്കാൾ എന്തു വിശേഷതയാണ് പത്രൊസിനുള്ളത് എന്ന ചോദ്യത്തിനും ഒറ്റ ഉത്തരമേയുള്ളൂ. 'സ്വർഗ്ഗരാജ്യത്തിന്റെ താക്കോൽ കൈവശമുള്ളവനാണ് പത്രൊസ് എന്നാണ്.' തന്മൂലം ഫിലിപ്പോസ് സുവിശേഷം അറിയിച്ചപ്പോൾതന്നേ ആത്മദാനം നടന്നാലും പത്രൊസ് അവരെ അംഗീകരിക്കുകയോ ദൈവസഭയിലേക്ക് പ്രവേശനം നൽകുകയോ ചെയ്യില്ലായിരുന്നു. രണ്ടാം അദ്ധ്യായത്തിൽ പത്രൊസിന്റെ നേതൃത്വത്തിൽ യെഹൂദർക്ക് സ്വർഗ്ഗരാജ്യത്തിലേക്ക് (സഭ) പ്രവേശനം നൽകുന്നു. എട്ടാം അദ്ധ്യായത്തിൽ ശമര്യർക്ക് പ്രവേശനം നൽകുന്നു. പത്താം അദ്ധ്യായത്തിൽ ജാതികൾക്ക് പ്രവേശനം നൽകുന്നു. പത്രൊസിനെ സംബന്ധിച്ച് താനൊരു പക്കാ യെഹൂദനാണെന്ന് പ

ത്താമദ്ധ്യായത്തിലെ സംഭവം തെളിയിക്കുന്നു. (അ,പ്ര, 10:9-16). ആദ്യം ദർശനമുണ്ടായത് ജാതീയനായ കൊർന്നല്യോസിനായിരുന്നു. ദൂതൻ ദർശനത്തിൽ, 'പത്രൊസ് എന്നുപേരുള്ള ശീമോനെ വരുത്തുക' എന്നു പറഞ്ഞപ്പോൾത്തന്നേ, കൊർന്നല്യോസ് തന്റെ രണ്ടു വേലക്കാരെ പത്രൊസിന്റെ അടുക്കലേക്കയച്ചു. (അ,പ്ര, 10:3,7). പക്ഷെ പത്രൊസിനെ അനുകൂലപ്പെടുത്താൻ മൂന്നു പ്രാവശ്യം തുപ്പട്ടി ഇറക്കി കാണിക്കേണ്ടതായി വന്നു. (10:6). ഇതിൽനിന്ന് പത്രൊസ് ജാതികളോട് എത്ര വേർപെട്ടവനാണെന്ന് മനസ്സിലാക്കാം. പത്രൊസ് മാത്രമല്ല എല്ലാ നല്ല യെഹൂദന്മാരും അങ്ങനെ തന്നെയാണ്. ശമര്യരോടും യെഹൂദന്റെ ശത്രുത വളരെ വലുതാണ്. (2രാജാ, 14:8-14, 2ദിന, 25:5-13, 17-24, മത്താ, 10:5, ലൂക്കൊ, 9:52-55, യോഹ, 4:9). ഒരു യെഹൂദൻ ഗലീലയിൽ നിന്ന് യെഹൂദ്യയിൽ പോകുന്നതും, യെഹൂദ്യയിൽ നിന്ന് ഗലീലയിലേക്ക് പോകുന്നതും രണ്ടു പ്രാവശ്യം യോർദ്ദാൻ മുറിച്ചുകടന്ന് യോർദ്ദാനക്കരെക്കൂടിയാണ്. ശമര്യയിൽക്കൂടി എളുപ്പം എത്താമെന്നിരിക്കെ, ഇരട്ടിയിലധികം ദൂരം അവർ സഞ്ചരിക്കുമെന്നുള്ളത് അവരുടെ ശത്രുതയുടെ തീവ്രത വെളിവാക്കുന്നു. തന്മൂലം ഫിലിപ്പോസിന്റെ കയ്യാൽ സ്നാനപ്പെട്ടുവെങ്കിലും, തങ്ങളെപ്പോലെ ആത്മാവ് ലഭിച്ചവരാണെന്ന് പത്രൊസിന് ബോധ്യപ്പെട്ടാൽ മാത്രമേ ദൈവസഭയുടെ അംഗങ്ങളായി അവരെ സ്വീകരിക്കുകയുള്ളു. അതുകൊണ്ടാണ് പത്രൊസിന്റെ സാന്നിദ്ധ്യത്തിൽ കർത്താവ് അവർക്ക് ആത്മദാനം നൽകിയത്. രണ്ട്; അടയാളത്തിന്റെ ആവശ്യമെന്താണ് എന്നുള്ളതാണ്? ഒന്നാമത് യെഹൂദന്റെ പൊതുസ്വഭാവമാണ് അടയാളം ചോദിക്കുക എന്നത്. (1കൊരി, 1:21). രണ്ടാമത് പരിശുദ്ധാത്മാവിനെ ആർക്കും കാ

ണാൻ കഴിയില്ല. (യോഹ, 3:8). തന്മൂലം അവർക്ക് ആത്മാവ് ലഭിച്ചു എന്ന് പത്രൊസിന് ബോധ്യമാകണമെങ്കിൽ, പ്രത്യക്ഷമായൊരു അടയാളം ഉണ്ടാകണം. കൊർന്നല്യോസിന്റെ ഭവനത്തിൽ സംഭവിച്ചത് അതിനൊരു തെളിവാണ്. പത്രൊസ് സുവിശേഷം അറിയിക്കുമ്പൊൾ തന്നേ അവരിൽ പരിശുദ്ധാത്മാവ് വരുകയും, അവരെ സ്നാനപ്പെടുത്തുകയും ചെയ്യുന്നു. (അ,പ്ര, 10:44-48). ഇവിടെ ചിന്തനീയമായ ഒരു വിഷയമുണ്ട്; കൊർന്നല്യോസിനെ പോലൊരു ജാതീയ കുടുംബത്തെ സ്നാനപ്പെടുത്തി സഭയിൽ ചേർക്കുന്നതിനോട് എതിർപ്പ് കാണിക്കാമായിരുന്ന ആറ് യെഹൂദാ ക്രിസ്ത്യാനികളുമൊന്നിച്ചാണ് പത്രൊസ് പോയത്. (11:12). അവർ പത്രൊസ് കണ്ടിരുന്ന ദർശനം കണ്ടിരുന്നുമില്ല. യഥാർത്ഥത്തിൽ കൊർന്നല്യോസും കൂടെയുള്ളവരും അന്യഭാഷയിൽ സംസാരിക്കുന്നത് കേട്ടപ്പോൾ ഈ ആറുപേരും വിസ്മയിച്ചു. (10:46). പെന്തെക്കൊസ്തിന് ചില നാളുകൾക്ക് ശേഷം സംഭവിച്ചതാകകൊണ്ട് അന്യഭാഷകളിൽ വിശ്വാസം വരാഞ്ഞിട്ടല്ല, മറിച്ച് ജാതികൾ ദൈവത്തിന് സ്വീകാര്യമാണെന്ന് അവർ വിശ്വസിച്ചിരുന്നില്ല എന്നതിനാലാണ് അതിശയിച്ചത്. ഈ ആറ് സഹോദരന്മാർക്കും മനസ്സിലാകാത്ത ഒരു ഭാഷയാണവർ സംസാരിച്ചിരുന്നതെങ്കിൽ, അവരെ സ്നാനപ്പെടുത്തുവാൻ അവർ പത്രൊസിനെ അനുവദിക്കുമായിരുന്നോ? പകരം ജാതികളോടുള്ള വിവേചനം എടുത്തുകാണിക്കാൻ അവർ ഉത്സാഹിക്കുമായിരുന്നു. കൊർന്നല്യോസിനും കൂട്ടർക്കും എന്തോ ഭ്രമം പിടിച്ചിരിക്കയാണന്നു പറഞ്ഞ് പത്രൊസിനെ പിൻതിരിപ്പിക്കാൻ ശ്രമിക്കുമായിരുന്നു. പെന്തെക്കൊസ്തുനാളിൽ യെരുശലേമിൽ വന്ന സന്ദർശകർക്ക് ബോധ്യമായതുപോലെ (പ്രവൃ, 2:11), തങ്ങ

ൾക്ക് മനസ്സിലാകുന്ന ഭാഷയിൽ അവർ ദൈവത്തെ സ്തുതിക്കുന്നതുകേട്ട് ഇവർക്കും പൂർണ്ണ ബോധ്യംവ ന്നു എന്നുവേണം മനസ്സിലാക്കാൻ. ഇറ്റലിക്കാരനായ കൊർന്നല്യോസ് തന്റെ സ്വന്ത ഭാഷയായ ലത്തീനിൽ സംസാരിക്കുന്നതോ, റോമാ സാമ്രാജ്യത്തിലെ ഔദ്യോ ഗിക ഭാഷയായ ഗ്രീക്കിൽ സംസാരിക്കുന്നതോ ഒരു അ ത്ഭുതമായിരിക്കയില്ല, മറിച്ച് റോമാക്കാരന് അപരിചിത മായ എബ്രായഭാഷയിൽ യെഹൂദനല്ലാത്ത ഒരാൾ ദൈ വത്തെ മഹത്വപ്പെടുത്തുന്നത് അത്ഭുതം തന്നെയായിരി ക്കും. ശമര്യയിലെ കാര്യവും ഇതിൽനിന്ന് വിഭിന്നമായി രിക്കില്ല. അവിടെയും ഒരടയാളം ഉണ്ടായിരുന്നു. അത് ശിമോൻ കണ്ടതാണ്. (8:18). അത് അന്യഭാഷയാണെ ങ്കിൽ, പേഗൻ മതത്തിലോ മറ്റു ജാതീയമതങ്ങളിലോ ന ടപ്പുള്ള കേവലം അവ്യക്തമായ ഒരു ജല്പനം ആയിരി ക്കില്ല. (മത്താ, 6:7). മറിച്ച് പത്രൊസിനും യോഹന്നാ നും മനസ്സിലാകുന്ന വ്യക്തമായ ഭാഷ തന്നെയായിരി ക്കും. ഇതിനൊരു തെളിവാണ് പതിനൊന്നാം അദ്ധ്യാ യം. ജാതികളെ സ്നാനപ്പെടുത്തിയതിനെക്കുറിച്ച് യെ രുശലേം സഭയിൽ വാദമുണ്ടായപ്പോൾ,' പരിശുദ്ധാത്മാ വ് ആദിയിൽ നമ്മുടെമേൽ എന്നപോലെ അവരുടെമേ ലും വന്നു' (അ,പ്ര, 11:15) എന്ന് പത്രൊസ് തെളിയി ക്കുന്നത് ഈ അന്യഭാഷയുടെ വെളിച്ചത്തിലാണ്. പരി ശുദ്ധാത്മദാനം നടന്ന വസ്തുത ഒരടയാളം കൂടാതെ പത്രൊസിന് സ്വയമായി ബോധ്യപ്പെടുകയോ, മറ്റുള്ളവ രെ ബോധ്യപ്പടുത്തുവാനോ സാധ്യമല്ല. തന്നിമിത്തം യെ രുശലേമിലെ സഹോദരങ്ങൾ പറഞ്ഞതും ശ്രദ്ധേയമാ ണ്. "അവർ ഇതു കേട്ടപ്പോൾ മിണ്ടാതിരുന്നു: അങ്ങനെ ആയാൽ ദൈവം ജാതികൾക്കും ജീവപ്രാപ്തിക്കായി മാനസാന്തരം നല്കിയല്ലോ എന്നു പറഞ്ഞു ദൈവ

ത്തെ മഹത്വപ്പെടുത്തി." (അ,പ്ര, 11:18).

എഫെസൊസിലെ സംഭവം കുറച്ചുകൂടി വ്യത്യസ്ഥമാണ്. അവിടെ പത്രൊസിന്റെ ആവശ്യമില്ല. കാരണം ഭൂമിയിലുള്ള സകല മനുഷ്യരെയും പ്രതിനിധീകരിച്ചു കൊണ്ട് യെഹൂദനും, ശമര്യനും, ജാതികൾക്കും കർത്താവ് പത്രൊസ് മുഖാന്തരം സ്വർഗ്ഗരാജ്യത്തിലേക്ക് പ്രവേശനം നൽകിക്കഴിഞ്ഞു. എങ്കിലും എഫെസൊസിൽ സംഭവിച്ച കാര്യങ്ങൾ ചിന്തിക്കേണ്ടതുണ്ട്. യോഹന്നാന്റെ സ്നമേറ്റിരുന്നവർ രണ്ടാമതൊരിക്കൽക്കൂടി കർത്താവായ യേശുവിന്റെ നാമത്തിൽ സ്നാനമേൽക്കുകയും, പൌലൊസ് അവർക്കുവേണ്ടി പ്രാർത്ഥിച്ചപ്പോൾ പരിശുദ്ധാത്മാവും കൃപാവരങ്ങളും അവർക്ക് ലഭിക്കുകയും ചെയ്തു. (അ,പ്ര, 19:1-7). ഇവിടെ പരിശുദ്ധാത്മാവ് അന്യഭാഷയോടും പ്രവചനത്തോടും കൂടെ വെളിപ്പെട്ടത് എന്തിനാണെന്ന് മനസ്സിലാക്കണം. അവരോടു സുവിശേഷം അറിയിച്ചതും യോഹന്നാന്റെ സ്നാനം കഴിപ്പിച്ചതും അപ്പൊല്ലോസാണ്. താൻ ആത്മാവിൽ എരിവുള്ളവൻ ആയിരുന്നെങ്കിലും ക്രൈസ്തവസ്നാനത്തെക്കുറിച്ച് അറിവുള്ളവൻ ആയിരുന്നില്ല. (പ്രവൃ, 18:25). യഥാർത്ഥത്തിൽ ഇവിടത്തെ വിഷയം ആത്മദാനമല്ല; ക്രൈസ്തവസ്നാനമാണ്. പൌലൊസിന്റെ ചോദ്യത്തിൽനിന്ന് അത് വ്യക്തമാണ്; 'നിങ്ങൾ കൈക്കൊണ്ട സുവിശേഷം ഏതാണെന്നല്ല; സ്നാനമേതാണെന്നാണ് ചോദ്യം.' (പ്രവൃ, 19:3). യോഹന്നാൻ അവരുടെ ദൃഷ്ടിയിൽ ഒരു കുറഞ്ഞ പുള്ളിയല്ല. ദൈവം ആരെ കർത്താവും രക്ഷിതാവുമാക്കി വെച്ചുവോ, ആ ക്രിസ്തുവിനെ സ്നാനം കഴിപ്പിച്ചയാളാണ്. ആ ശിഷ്യന്മാർ രണ്ടാമതൊരിക്കൽ കൂടി യേശുവിന്റെ നാമത്തിൽ സ്നാനമേൽക്കുമ്പോൾ, അവർക്കു പ്രത്യക്ഷമായ കൃപാവര

ങ്ങൾ ലഭിച്ചില്ലെങ്കിൽ, അഥവാ അവർക്കു പരിശുദ്ധാത്മാവിനെ വ്യക്തിപരമായി അറിയാൻ കഴിഞ്ഞില്ലെങ്കിൽ, അവർ യേശുവിലുള്ള സ്നാനത്തെ സംശയിക്കാൻ ഇടയാകുമായിരുന്നു. ഞങ്ങൾ മുമ്പേ ഇരുന്നപോലെ ഇപ്പോഴുമിരിക്കുന്നു. യേശുവിന്റെ നാമത്തിൽ സ്നാനമേറ്റിട്ടും ഒരു വ്യത്യാസവുമുണ്ടായില്ല എന്നു പറയുമായിരുന്നു. തന്മൂലം അവർക്ക് അടയാളത്തോടുകൂടി ആത്മദാനം നൽകേണ്ടത് സ്വർഗ്ഗത്തിന്റെ ആവശ്യമായിരുന്നു. മാത്രമല്ല പൌലൊസ് അവരുടെമേൽ കൈവെച്ചതും അവർക്കുവേണ്ടി പ്രാർത്ഥിച്ചതും പരിശുദ്ധാത്മാവിനുവേണ്ടിയല്ല. കാരണം പരിശുദ്ധാത്മാവ് ആരുടെയും കൈവെപ്പിന്റെ ഫലവും പ്രാർത്ഥനയുടെ മറുപടിയുമല്ല. പ്രത്യുത ദൈവത്തിന്റെ വാഗ്ദത്തവും ദാനവുമാണ്. (അ,പ്ര, 1:4, 2:38). പൌലൊസ് കൈവെച്ചതും പ്രാർത്ഥിച്ചതും കൃപാവരങ്ങൾക്കു വേണ്ടിയാണ്. അതിന് വേദപുസ്തകത്തിൽ തെളിവുമുണ്ട്. (2തിമൊ, 1:6). (കൂടുതലറിയാൻ 'വിശ്വസിച്ചിട്ടു പരിശുദ്ധാത്മാവിനെ പ്രാപിച്ചുവോ?' എന്ന പുസ്തകം കാണുക).

## പെന്തെക്കൊസ്തിൽ എല്ലാവരും അന്യഭാഷകളിൽ സംസാരിച്ചുവോ?

ആത്മസ്നാനത്തിന്റെ ഏകവും പ്രത്യക്ഷവുമായ അടയാളമല്ല അന്യഭാഷ എന്നതിന് തെളിവ് പെന്തെക്കൊസ്ത് അനുഭവത്തിൽ തന്നെയുണ്ട്. രണ്ടാം വാക്യം; വീടു മുഴുവൻ നിറച്ച ഒരു മുഴക്കമെണ്ടായി -- വീടു മുഴുവൻ നിറച്ചൊരു മുഴക്കം ആരെങ്കിലുമൊരാൾ കേട്ടില്ലെന്ന് പറയാൻ പറ്റില്ല. മൂന്നാം വാക്യം; പിളർന്നിരിക്കുന്ന നാവുകൾ അവരിൽ ഓരോരുത്തന്റെ മേൽ പതിഞ്ഞു -- (each of them) അതിൽനിന്ന് ആരും ഒഴിവായില്ല. നാലാം

വാക്യം; എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞു -- പരിശുദ്ധാത്മാവും എല്ലാവർക്കും ലഭിച്ചു. അടുത്ത ഭാഗം; ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ നൽകിയതുപോലെ അന്യഭാഷകളിൽ സംസാരിച്ചു തുടങ്ങി. (അ,പ്ര, 2:2-4). മുഴക്കം വീടു മുഴുവൻ നിറെച്ചു. പിളർന്ന നാവ് എല്ലാവരുടെമേലും പതിഞ്ഞു. എല്ലാവരും പരിശുദ്ധാത്മാവ് നിറഞ്ഞു. എല്ലാവരും അന്യഭാഷ സംസാരിച്ചുവെന്ന് രേഖപ്പടുത്താത് എന്താണ്? ഇവിടെ എല്ലാവരും അന്യഭാഷ സംസാരിച്ചിരുന്നു എങ്കിൽ, ഒരമിത കൃത്യപ്പിന്റെ ആവശ്യമില്ല. ഈ വാക്യം മലയാളം ബൈബിളിൽ നിന്നും വ്യക്തമായി മനസ്സിലാക്കാം. "അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ പൂരിതരായി. പരിശുദ്ധാത്മാവ് ഭാഷണവരം നൽകിയതനുസരിച്ച് അവർ അന്യഭാഷകളിൽ സംസാരിക്കാൻ തുടങ്ങി." (2:4). മറ്റു ചില പരിഭാഷകൻ കൂടി കാണുക; 'പരിശുദ്ധാത്മാവ് അവർക്കു നല്കിയ പ്രകാരം, വിവിധ ഭാഷകളിൽ അവർ സംസാരിച്ചു തുടങ്ങി. (വിശുദ്ധഗ്രന്ഥം). 'ആത്മാവുകൊടുത്ത ഭാഷണവരമനുസരിച്ച് അവർ വിവിധ ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി.' (പി.ഒ.സി). 'ആത്മാവ് കൊടുത്ത കഴിവനുസരിച്ച് വ്യത്യസ്ത ഭാഷകളിൽ സംസാരിക്കാൻ തുടങ്ങി' (പു.ലോ.ഭാ). 'ആത്മാവ് അവർക്ക് ഉച്ചരിപ്പാൻ കൊടുക്കുംപ്രകാരം മറുഭാഷകളാൽ പറഞ്ഞുതുടങ്ങി.' (ഗുണ്ടർട്ട്). 'സംസാരിക്കുവാൻ ആത്മാവ് അവർക്ക് (വരം) നൽകിയതുപോലെ അവർ പല ഭാഷകളിൽ സംസാരിച്ചു.' (മാ.കത്തനാർ) ആത്മാവ് ആർക്കൊക്കെ ഭാഷണവരം നൽകിയോ അവരൊക്കെ അന്യഭാഷകളിൽ സംസാരിച്ചു. കൊരിന്ത്യലേഖനപ്രകാരം എല്ലാവർക്കും ഒരേ വരംതന്നേ ലഭിക്കണമെന്ന് ശഠിക്കുവാനും പാടില്ല. (1 കൊരി, 12:4-31). മാത്രമല്ല പ്രവൃത്തി 2:15 വാക്യപ്ര

കാരം പത്രൊസ് അന്യഭാഷയിൽ സംസാരിച്ചിട്ടില്ലെന്നും വ്യക്തമാണ്. പെന്തെക്കൊസ്തിൽ ശിഷ്യന്മാർ പറഞ്ഞ അന്യഭാഷകൾ കേട്ടിട്ടും മനസ്സിലാകാതെ അവരെ ലഹരി പിടിച്ചവരെന്ന് പരിഹസിച്ചവരോടാണ് പത്രൊസ് സംസാരിക്കുന്നത്. താൻ പറയുന്നത്; 'ഇവർ ലഹരി പിടിച്ചവരല്ല' എന്നാണ്. (2:15). പത്രൊസ് അന്യഭാഷ സംസാരിച്ചിരുന്നുവെങ്കിൽ 'ഇവർ' എന്നല്ല 'ഞങ്ങൾ' എന്നു പറയുമായിരുന്നു. 'ഞങ്ങൾ' എന്നുപയോഗിക്കാൻ മൂലഭാഷയിൽ വാക്കുകളില്ല എന്ന് വിചാരിക്കരുത്. 'എസ്മെൻ' (ഞങ്ങൾ) എന്നു പുതിയനിയമത്തിൽ അനേകം പ്രാവശ്യമുണ്ട്. പെന്തെക്കൊസ്തിൽ മറ്റു ശിഷ്യന്മാർ അന്യഭാഷകളിൽ സംസാരിച്ചപ്പോൾ, പത്രൊസിനു മാത്രം വരങ്ങളൊന്നും കിട്ടിയില്ലേയെന്ന് നിഷ്പക്ഷബുദ്ധികൾ ചോദിച്ചേക്കാം. പെന്തെക്കൊസ്തിലെ അന്യഭാഷകൾ കേവലം ഒരടയാളമായിരുന്നില്ല. പ്രത്യുത അന്യഭാഷകളിൽ അവർ സുവിശേഷം അറിയിക്കുകയായിരുന്നു. അവിടെ ഓടിക്കൂടിയ വിവിധ ഭാഷക്കാരായ യെഹൂദന്മാർ താന്താങ്ങളുടെ ഭാഷയിൽ ദൈവത്തിന്റെ വൻകാര്യങ്ങളാണ് കേട്ടത്. (2:8,11). എന്നാൽ അന്യഭാഷക്കാരിൽ നിന്ന് ദൈവത്തിന്റെ വൻകാര്യങ്ങൾ കേട്ട് ഗ്രഹിച്ചവരോടല്ല, പത്രൊസ് സ്വന്തഭാഷയിൽ സംസാരിക്കുന്നത്. അന്യഭാഷയിൽ സംസാരിച്ച ദൈവത്തിന്റെ വൻകാര്യങ്ങളെ വിശ്വസിക്കാതെ, ഇവർ പുതുവീഞ്ഞ് കുടിച്ചിരിക്കുന്നു എന്നു പരിഹസിച്ചവരോടാണ് പത്രൊസ് സ്വന്തഭാഷയിൽ സംസാരിക്കുന്നത്. ഫലത്തിൽ രണ്ടുകൂട്ടരും ദൈവത്തിന്റെ വൻകാര്യങ്ങളാണ് പ്രസ്താവിച്ചത്. അന്യഭാഷയിലും, സ്വന്തഭാഷയിലും. ഇതിനൊരു തെളിവാണ് 4:30,31 വാക്യം; "സൌഖ്യമാക്കുവാൻ നിന്റെ കൈ നീട്ടുന്നതിനാലും നിന്റെ പരിശുദ്ധദാസനാ

യ യേശുവിന്റെ നാമത്താൽ അടയാളങ്ങ ളും അത്ഭു തങ്ങളും ഉണ്ടാകുന്നതിനാലും നിന്റെ വചനം പൂർണ്ണ ധൈര്യത്തോടും കൂടെ പ്രസ്താവിപ്പാൻ നിന്റെ ദാസന്മാർക്കു കൃപ നല്കേണമേ. ഇങ്ങനെ പ്രാർത്ഥിച്ചപ്പോൾ അവർ കൂടിയിരുന്ന സ്ഥലം കുലുങ്ങി; എല്ലാവരും പരിശുദ്ധാത്മാവു നിറഞ്ഞവരായി ദൈവവചനം ധൈര്യത്തോടെ പ്രസ്താവിച്ചു." ഇതിൽനിന്നും ഒരു കാര്യം പകൽപോലെ വ്യക്തമാണ്, പെന്തെക്കൊസ്തിലെ ആത്മസ്നാനത്തിന് അടയാളമൊന്നും ഉണ്ടായിരുന്നില്ല. (2:2, 3). ആത്മനിറവിന് അടയാളമുണ്ടായിരുന്നു. അത് ദൈവവചനം ധൈര്യത്തോടെ പ്രസംഗിക്കുകയായിരുന്നു. ഒരു കൂട്ടർ അന്യഭാഷയിലും, പത്രൊസ് സ്വന്തഭാഷയിലും. അപ്പൊസ്തല പ്രവൃത്തികളിലെ മറ്റു വേദഭാഗങ്ങളും ഈ വസ്തുത ശരിവെക്കുന്നതാണ്. (4:8, 31, 6:8-7:53, 13:9-12). മാത്രമല്ല പത്രൊസ് ഒഴികെയുള്ള ശിഷ്യന്മാർ മാത്രമാണ് അന്യഭാഷകളിൽ സംസാരിച്ചതെന്നും തെളിയുന്നു. ദൈവവചനത്തിൽ നിന്ന് പരിശോധിച്ച് ഉറപ്പുവരുത്തുക; എന്നിട്ടു മാത്രം വിശ്വസിക്കുക. അതിനായി കരുണാമയനായ നമ്മുടെ ദൈവം എല്ലാവരെയും സഹായിക്കട്ടെയെന്ന് പ്രാർത്ഥിച്ചുകൊണ്ട്;

16/09/2014
ഫോർട്ട്കൊച്ചി

ക്രിസ്തേശുവിന്റെ ബദ്ധൻ
റോയി ആൻഡ്രൂസ്

